സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 216 2024 ഡിസംബർ 17 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മകൾക്കൊപ്പം ബൈക്കിൽ സഞ്ചരിച്ച പിതാവ് ബസിടിച്ച് മരിച്ചു; മകൾക്ക് പരുക്ക്

ഊരകം: മകളുമായി ബൈക്കിൽ പോയ അച്ഛൻ അപകടത്തിൽ മരിച്ചു. തൃശൂർ പൂച്ചുന്നിപ്പാടത്ത് സ്വകാര്യ ബസിടിച്ചായി അപകടം. തൃശൂർ തൊട്ടിപ്പാൾ സ്വദേശിയായ 58 കാരൻ വിൻസെൻറ് നീലങ്കാവിൽ ആണ് മരിച്ചത്. 26കാരിയായ മകൾ ബബിതയ്ക്കു പരുക്കേറ്റു. ഗുരുതരമായ പരുക്കുകളോടെ തൃശൂർ എലൈറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തമിഴ് ജനതയുടെ സ്വപ്നം ഡിഎംകെ യാഥാർത്ഥ്യമാക്കുമെന്ന് മന്ത്രി

മുല്ലപ്പെരിയാർ ജലനിരപ്പ് 152 അടിയാക്കി ഉയർത്തും



കുമളി: മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 152 അടിയാക്കി ഉയർത്തുകയെന്നത് തമിഴ്നാട്ടുകാരുടെ സ്വപ്നമാണെന്നും ഡിഎംകെ ഭരണത്തിൽ അത് യാഥാർത്ഥ്യമാക്കുമെന്നും തമിഴ്നാട് തദ്ദേശവകുപ്പ് മന്ത്രി ഐ പെരിയസാമി. തേനി ജില്ലയിലെ മഴക്കെടുതി വിലയിരുത്തിയ ശേഷം പ്രതികരിക്കുകയായിരുന്നു മന്ത്രി. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അറ്റകുറ്റപ്പണികൾക്ക് തമിഴ്നാട് സർക്കാരിന് അവകാശമുണ്ട്. ഇക്കാര്യം വൈക്കം സന്ദർശനവേളയിൽ കേരളത്തിന്റെ മുഖ്യമന്ത്രിയുമായി സംസാരിക്കാൻ തമിഴ്നാട് മുഖ്യമന്ത്രി തീരുമാനിച്ചെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അടുത്തിടെയാണ് മുല്ലപ്പെരിയാർ അണക്കെട്ടിൽ അറ്റകുറ്റപ്പണി നടത്താൻ തമിഴ്നാടിന് കേരളത്തിന്റെ അനുമതി ലഭിച്ചത്. തമിഴ്നാട് ഔദ്യോഗികമായി നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയത്. ഇരു സംസ്ഥാന മുഖ്യമന്ത്രിമാരും കണ്ടുമുട്ടുന്ന വൈക്കത്ത് വച്ച് പ്രശ്നം ചർച്ചചെയ്യുമെന്ന് കരുതിയെങ്കിലും ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ തല നടപടികളിലൂടെ പരിഹാരം കാണുകയായിരുന്നു. സംസ്ഥാന അഡിഷണൽ ചീഫ് സെക്രട്ടറിയാണ് അനുമതി നൽകി ഉത്തരവിറക്കിയത്. ദിവസങ്ങൾക്ക് മുമ്പ് വനംവകുപ്പിന്റെ വള്ളക്കടവ് ചെക്ക്പോസ്റ്റ് വഴി മുല്ലപ്പെരിയാർ ഡാമിലേയ്ക്ക് മെയിന്റനൻസിനായി തമിഴ്നാട് കൊണ്ടുവന്ന എം.സാന്റ് ലോറികൾ തടഞ്ഞിട്ടിരുന്നു.

ഏഴ് നിബന്ധനകളോടെയാണ് കേരളം അനുമതി നൽകിയത്. പുതിയ നിർമ്മാണങ്ങൾ നടത്തരുത്, എം.ഐ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനിയറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്നവരുടെയോ സാന്നിദ്ധ്യത്തിലാകണം, നിർമ്മാണ സാമഗ്രികൾ കൊണ്ടുപോകുമ്പോൾ വനനിയമങ്ങൾ പാലിക്കണം, മറ്റ് സാമഗ്രികളൊന്നും ഡാം സൈറ്റിൽ കൊണ്ടുവരരുത് തുടങ്ങിയവയാണ് നിബന്ധനകൾ.

സ്കേറ്റിങ് യുവാവ് പിടിയിൽ

തൃശ്ശൂർ: നഗരത്തിൽ അപകടകരമായ രീതിയിൽ സ്കേറ്റിങ് ചെയ്തയാൾ പിടിയിൽ. മുംബൈ സ്വദേശി സുബ്രത മണ്ടേലയെയാണ് തൃശ്ശൂർ ഈസ്റ്റ് പോലീസ് പിടികൂടിയത്.

കാട്ടാന കൃഷി നശിപ്പിച്ചു

അതിരപ്പിള്ളി: വെറ്റിലപ്പാറയിൽ കാട്ടാനയിറങ്ങി കാർഷിക വിളകൾ നശിപ്പിച്ചു. നന്ദനന്റെ വീട്ടുപറമ്പിലെ പത്തോളം വാഴകളാണ് ഒടിച്ചിട്ടത്. ചിക്ലായിയിലും വീട്ടു പറമ്പുകളിൽ കാട്ടാന നാശം വിതച്ചിട്ടുണ്ട്.

സ്പെഷ്യൽ ഡ്രൈവ്

തൃശൂർ: വാഹന പരിശോധന കർശനമാക്കി ജില്ലാപോലീസും മോട്ടോർ വാഹനവകുപ്പും. റോഡപകടങ്ങൾ വർധിച്ച സാഹചര്യത്തിലാണ് പരിശോധന കർശനമാക്കുന്നത്. ജനുവരി 16 വരെയാണ് സ്പെഷ്യൽ ഡ്രൈവ്.

'1971ലെ യുദ്ധവിജയം ഞങ്ങളുടേത്, ഇന്ത്യ സഖ്യകക്ഷിമാത്രം, കൂടുതൽ ഒന്നുമല്ല': ബംഗ്ലാദേശ് നേതാക്കൾ

ന്യൂഡൽഹി: ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിജയ് ദിവസ് സന്ദേശത്തിൽ ബംഗ്ലാദേശ് ഇടക്കാല സർക്കാരിന് അതൃപ്തി. പ്രധാനമന്ത്രിയുടെ പരാമർശം ബംഗ്ലാദേശിന്റെ സ്വാതന്ത്ര്യത്തിനും അഖണ്ഡതയ്ക്കും നേരിട്ടുള്ള ഭീഷണിയാണെന്നാണ് വിമർശനം.

മുഹമ്മദ് യൂനസിന്റെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാരിന്റെ ഭാഗമായ നിരവധി നേതാക്കൾ പരാമർശത്തിൽ അതൃപ്തി പ്രകടിപ്പിച്ചു. യൂനസിന്റെ നിയമോപദേഷ്ടാവ് ആസിഫ് നസ്രുൾ, ഇന്ത്യാ വിമർശകനും വിദ്യാർഥി നേതാവുമായ ഹസ്നത്ത് അബ്ദുള്ള എന്നിവരുൾപ്പെടെയാണ് രൂക്ഷ വിമർശനമുന്നയിച്ചത്.

'ഇന്ന്, വിജയ് ദിവസിൽ, 1971–ൽ ഇന്ത്യയെ ആത്മാർത്ഥമായി സേവിക്കുകയും നിർണായക വിജയം ഉറപ്പാക്കുകയും ചെയ്ത എല്ലാ ധീര വീരന്മാർക്കും ഹൃദയംഗമമായ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അവരുടെ ധീരതയും അർപ്പണബോധവും രാജ്യത്തിന് അഭിമാനമാണ്. അവരുടെ ത്യാഗവും അചഞ്ചലമായ ചൈതന്യവും ജനഹൃദയങ്ങളിലും രാജ്യത്തിന്റെ ചരിത്രത്തിലും എക്കാലവും നിലനിൽക്കും. അവരുടെ ധീരതയെ ഇന്ത്യ അഭിവാദ്യം ചെയ്യുന്നു, അവരുടെ അജയ്യമായ ആത്മാവിനെ ഓർക്കുന്നു,' പ്രധാനമന്ത്രി നരേന്ദ്ര മോദി സാമൂഹികമാധ്യമങ്ങളിൽ കുറിച്ചു.

പാകിസ്താനെയോ ബംഗ്ലാദേശിനെയോ സന്ദേശത്തിൽ പരാമർശിച്ചിട്ടില്ല. ബംഗ്ലാദേശ് നേതാക്കൾ സന്ദേശത്തെ ശക്തമായി അപലപിച്ചു. 'ഞാൻ ശക്തമായി പ്രതിഷേധിക്കുന്നു. 1971 ഡിസംബർ 16 ബംഗ്ലാദേശിന്റെ വിജയ ദിനമായിരുന്നു. ഈ വിജയത്തിൽ ഇന്ത്യ ഒരു സഖ്യകക്ഷിയായിരുന്നു, അതിൽ കൂടുതലൊന്നുമില്ല,'മുഹമ്മദ് യൂസഫിന്റെ നിയമ ഉപദേഷ്ടാവ് ആസിഫ് നസ്റുൽ ഫേസ്ബുക്കിൽ കുറിച്ചു.

'ഇത് ബംഗ്ലാദേശിന്റെ വിമോചന യുദ്ധമാണ്. പാകിസ്താനിൽ നിന്ന് ബംഗ്ലാദേശിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടിയാണ് യുദ്ധം നടന്നത്. എന്നാൽ ഇത് ഇന്ത്യയുടെ യുദ്ധവും നേട്ടവുമാണെന്ന് മോദി അവകാശപ്പെട്ടു. അങ്ങനെ ചെയ്യുന്നതിലൂടെ അവർ ബംഗ്ലാദേശിന്റെ അസ്തിത്വത്തെ പൂർണ്ണമായും അവഗണിച്ചു, ഈ സ്വാതന്ത്ര്യം തങ്ങളുടെ വിജയമാണെന്ന് ഇന്ത്യ അവകാശപ്പെടുമ്പോൾ, ബംഗ്ലാദേശിന്റെ സ്വാതന്ത്ര്യത്തിനും പരമാധികാരത്തിനും പ്രാദേശിക അഖണ്ഡതയ്ക്കും നേരെയുള്ള നേരിട്ടുള്ള ഭീഷണിയായാണ് ഞാൻ അതിനെ കാണുന്നത്. 'പുറത്താക്കപ്പെട്ട ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുടെ ഭരണത്തിനെതിരെ പ്രതിഷേധിച്ച വിവേചന വിരുദ്ധ വിദ്യാർഥി പ്രസ്ഥാനത്തിന്റെ പ്രധാന നേതാവ് ഹസ്നത്ത് അബ്ദുള്ള ഫേസ്ബുക്കിൽ കുറിച്ചു.

1971ലെ യുദ്ധത്തിൽ പാകിസ്താനെതിരെ ഇന്ത്യ നേടിയ നിർണായക വിജയത്തിന്റെ അനുസ്മരണമായി എല്ലാ വർഷവും ഡിസംബർ 16ന് വിജയ് ദിവസ് ആചരിക്കുന്നു. കിഴക്കൻ പാകിസ്താനെ ഇസ്ലാമാബാദിന്റെ നിയന്ത്രണത്തിൽ നിന്ന് മോചിപ്പിക്കുന്നതിനും ബംഗ്ലാദേശിന്റെ പിറവിക്കും യുദ്ധം കാരണമായി. 1971 ഡിസംബർ 16നാണ് പാകിസ്താൻ സേനാ കമാൻഡർ ലഫ്റ്റനന്റ് ജനറൽ എഎ ഖാൻ നിയാസി ഇന്ത്യൻ കമാൻഡർ ജഗ്ജിത് സിംഗ് അറോറക്ക് മുന്നിൽ കീഴടങ്ങിയത്. പടിഞ്ഞാറൻ പാകിസ്താനിലെ ക്രൂരമായ ഭരണകൂടത്തിനെതിരായ കിഴക്കൻ പാകിസ്താന്റെ വർഷങ്ങളായി തുടർന്ന പ്രക്ഷോഭത്തിന് നിയാസിയുടെ കീഴടങ്ങൽ വിരാമമിട്ടു.

കുട്ടമ്പുഴയിലെ ജനങ്ങൾക്ക് നൽകിയ ഉറപ്പുകൾ പാലിക്കും: മന്ത്രി

കോതമംഗലം: കുട്ടമ്പുഴയിലെ ജനങ്ങൾക്ക് നൽകിയ ഉറപ്പുകൾ പാലിക്കുമെന്ന് വനംമന്ത്രി എ.കെ.ശശീന്ദ്രൻ. കലക്ടർ നൽകിയ ഉറപ്പുകൾ സമയബന്ധിതമായി നടപ്പാക്കും. ട്രഞ്ച് നിർമാണം, ഫെൻസിങ് എന്നിവയ്ക്കുള്ള അനുമതി നേരത്തെ നൽകിയതാണ്. ടെൻഡർ നടപടികളിലാണ് കാലതാമസം, ടെൻഡർ എടുക്കാൻ ആളുകൾ കുറവെന്നും മന്ത്രി. കാട്ടാന യുവാവിനെ ചവിട്ടിക്കൊന്നതിൽ പ്രതിഷേധിച്ച് എറണാകുളം കോതമംഗലത്തും കുട്ടമ്പുഴയിലും ഇന്ന് ജനകീയ ഹർത്താലാണ്. വന്യജീവി ആക്രമണത്തിന് ശാശ്വതപരിഹാരം ആവശ്യപ്പെട്ടാണ് ഹർത്താൽ.

അടിയന്തര ലാൻഡിങ്

കൊച്ചി: കൊച്ചിയിൽ നിന്ന് ബഹ്റൈനിലേക്ക് പോയ വിമാനത്തിന് അടിയന്തര ലാൻഡിങ്. ടയറിന്റെ ഔട്ടർ ലെയർ ഭാഗം റൺവേയിൽ കണ്ടതിനെ തുടർന്നാണ് തിരിച്ചു വിളിച്ചത്. എയർ ഇന്ത്യ എക്സ്പ്രസ് വിമാനമാണ് അടിയന്തിര ലാന്റിംഗ് നടത്തിയത്.

കേരള സർവകലാശാലയിൽ ഗവർണർക്കെതിരേ എസ് എഫ് ഐ പ്രതിഷേധം; വാതിൽ ചവിട്ടിത്തുറക്കാൻ ശ്രമം, സംഘർഷം

തിരു: കേരള സർവകലാശാല കാമ്പസിൽ സംസ്കൃത വിഭാഗം സംഘടിപ്പിക്കുന്ന സെമിനാർ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഉദ്ഘാടനം ചെയ്യാനെത്തിയതിനെതിരേ എസ്.എഫ്. ഐ. പ്രതിഷേധം. സെനറ്റ് ഹാളിന് പുറത്ത് മുദ്രാവാക്യം വിളിച്ചുള്ള പ്രതിഷേധം പോലീസുമായുള്ള സംഘർഷത്തിനിടയാക്കി. സെനറ്റ് ഹാളിന്റെ വാതിൽ ചവിട്ടിത്തകർക്കാൻ ശ്രമമുണ്ടായി. ഇതോടെ സെനറ്റ് ഹാളിനകത്തുള്ള ഗവർണർ ഉൾപ്പെടെയുള്ളവർക്ക് പുറത്തിറങ്ങാനാവാത്ത സ്ഥിതിയാണ്.

ഗവർണർ പുറത്തേക്കിറങ്ങുന്ന രണ്ട് കതകിനു മുന്നിലും എസ്. എഫ്.ഐ. പ്രവർത്തകർ ഇരിക്കുകയാണ്. പ്രവർത്തകരെ കതകിനു സമീപത്തുനിന്ന് നീക്കിയാൽ മാത്രമേ പുറത്തിറങ്ങാനാവൂ. സർവകലാശാലാ വി.സി. നിയമനത്തിൽ ഏകപക്ഷീയമായ നിലപാട്, സ്വന്തക്കാരെയും ഇഷ്ടക്കാരെയും തിരുകിക്കയറ്റുന്നു എന്നതടക്കമുള്ള കാര്യങ്ങൾ മുൻനിർത്തിയാണ് എസ്.എഫ്.ഐ.യുടെ പ്രതിഷേധം.

ഗവർണർക്കെതിരേ കരിങ്കൊടി പ്രതിഷേധം നടത്താനാണ് തീരുമാനം എന്നായിരുന്നു നേരത്തേ വ്യക്തമാക്കിയിരുന്നത്. എന്നാൽ ഗവർണർ എത്തിയതോടെ എസ്.എഫ്.ഐ. പ്രവർത്തകർ യൂണിവേഴ്സിറ്റിയിലേക്ക് മാർച്ചായി എത്തുകയായിരുന്നു. ഗെയ്റ്റിന്റെ പൂട്ട് തകർത്തും മതിലു ചാടിക്കടന്നും അകത്തേക്ക് കടന്ന പ്രവർത്തകർ സെനറ്റ് ഹാളിന് സമീപത്തെത്തി പ്രതിഷേധം കടുപ്പിച്ചു. കടുത്ത പോലീസ് സുരക്ഷയെ മറികടന്നാണ് എസ്. എഫ്. ഐ പ്രവർത്തകർ യൂണിവേഴ്സിറ്റിക്കകത്ത് കടന്നത്. സംഘർഷം അവസാനിപ്പിക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ് പോലീസ്.

സർക്കാരിനോടും ഇടതുവിദ്യാർഥി സംഘടനകളോടുമുള്ള ഏറ്റുമുട്ടലിനിടെയാണ് ഗവർണർ സർവകലാശാലയിലെത്തിയത്. 'ആഗോള പ്രശ്നങ്ങളും സംസ്കൃത വിജ്ഞാന വ്യവസ്ഥയും' എന്ന വിഷയത്തിലാണ് ത്രിദിന ശില്പശാല. ഗവർണറെ ഉദ്ഘാടകനായി ക്ഷണിക്കാൻ തീരുമാനിക്കുന്ന ഘട്ടത്തിൽതന്നെ വിവാദങ്ങളുണ്ടായിരുന്നു. വിദ്യാഭ്യാസ വിചക്ഷണൻ എന്ന നിലയിലാണ് ഗവർണറെ ശില്പശാല ഉദ്ഘാടകനായി ക്ഷണിച്ചിട്ടുള്ളതെന്നാണ് കേരള സർവകലാശാലാ വൈസ് ചാൻസലർ മോഹനൻ കുന്നുമ്മൽ പറഞ്ഞത്.

മന്ത്രിയെ ഉദ്ഘാടനച്ചടങ്ങിൽനിന്ന് ഒഴിവാക്കിയതിനെക്കുറിച്ചുള്ള ചോദ്യത്തിനാണ് ഇങ്ങനെ മറുപടി നൽകിയത്. പൂർണമായും അക്കാദമിക വിദഗ്ധർ പങ്കെടുക്കുന്ന ശില്പശാലയാണെന്നും ഗവർണറുടെ സന്ദർശനം പ്രതിഷേധത്തിന് ഇടയാക്കുമെന്നു കരുതുന്നില്ലെന്നും മോഹനൻ കുന്നുമ്മൽ പറഞ്ഞിരുന്നു. ഗവർണറോടുള്ള എതിർപ്പുകാരണം പരിപാടിയുടെ കൂടിയാലോചനായോഗം ഇടതു സംഘടനകൾ ബഹിഷ്കരിച്ചിരുന്നു. വി.സി. നിയമനങ്ങളിൽ ഗവർണർ ഏകപക്ഷീയ തീരുമാനം എടുക്കുന്നുവെന്നാണ് ഇടതുപക്ഷ സംഘടനകളുടെ ആരോപണം.

അറസ്റ്റും ജയിൽ വാസവും നാടകമായിരുന്നോ? സംഭവങ്ങൾക്ക് ശേഷം പുഷ്പയുടെ തിയേറ്റർ കളക്ഷൻ ഉയർന്നത് 70 ശതമാനം

ഹൈദരാബാദ്: ഡിസംബർ 13നാണ് തെലുങ്ക് സൂപ്പർതാരം അല്ലു അർജുനെ പൊലീസ് വീട്ടിലെത്തി അറസ്റ്റു ചെയ്തത്. അല്ലുവിന്റെ ആരാധകരെ മാത്രമല്ല തെലുങ്ക് സിനിമാലോകത്തെ തന്നെ അമ്പരിപ്പിച്ച കാര്യമായിരുന്നു അത്. നടന്റെ കിടവറപറയിലെത്തിയാണ് പൊലീസ് അറസ്റ്റിന് മുതിർന്നതെന്ന ആരോപണവും ഉയർന്നിരുന്നു. അല്ലുതന്നെ ഇക്കാര്യം പൊലീസിനോട് ചോദിക്കുന്ന വീഡിയോയും പ്രചരിച്ചു.

പുഷ്പ–2 പ്രദർശനത്തിനിടെ അല്ലു സന്ധ്യ എന്ന തിയേറ്ററിലെത്തിയതും, തുടർന്നുണ്ടായ ആൾത്തിരക്കിനിടെ ഒരു യുവതി കൊല്ലപ്പെട്ടതുമാണ് താരത്തിന്റെ അറസ്റ്റിലേക്ക് എത്തിച്ചത്. അല്ലുവിനെ റിമാൻഡ് ചെയ്യാനായിരുന്നു കീഴ്ക്കോടതി ഉത്തരവ്. തുടർന്ന് താരകുടുംബം ഹൈക്കോടതിയെ സമീപിക്കുകയും ജാമ്യം നേടുകയും ചെയ്തു. എന്നാലും ഉത്തരവ് ലഭിച്ചില്ലെന്ന ന്യായം പറഞ്ഞ് ഒരു രാത്രി അല്ലുവിനെ പൊലീസ് ജയിലിൽ തന്നെ കിടത്തി.

എന്നാൽ 'ഉർവശി ശാപം ഉപകാരം' എന്ന് പറയുന്നത് പോലെയാണ് നിലവിലെ കാര്യങ്ങളുടെ അവസ്ഥ. അല്ലു അർജുന്റെ അറസ്റ്റിന് ശേഷം പുഷ്പ–2വിന്റെ തിയേറ്റർ കളക്ഷൻ 70ശതമാനമായി ഉയർന്നുവെന്നാണ് പുറത്തുവരുന്ന കണക്കുകൾ. ഇതുവരെ 1200 കോടി രൂപ സിനിമ കളക്ക് ചെയ്തു കഴിഞ്ഞു. അല്ലുവിന്റെ താരപ്രഭയാണ് ഇത് സൂചിപ്പിക്കുന്നതെന്ന് ആരാധകർ പറയുമ്പോൾ മറ്റൊരു വിഭാഗം പറയുന്നത് എല്ലാം പി.ആർ സ്റ്റണ്ട് മാത്രമായിരുന്നു എന്നാണ്.

അല്ലു അർജുനൊപ്പം നായികയായെത്തിയത് രശ്മിക മന്ദാനയാണ്. ഫഹദ് ഫാസിൽ, സുനിൽ, അനസൂയ ഭരദ്വാജ് എന്നിവരും മറ്റ് പ്രധാനകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നുണ്ട്.

രാഹുൽ ഗാന്ധി പി പി മാധവന് ആദരാഞ്ജലികൾ അർപ്പിച്ചു

ഒല്ലൂർ: കോൺഗ്രസ് മുൻ അധ്യക്ഷ സോണിയാഗാന്ധിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന കഴിഞ്ഞ ദിവസം അന്തരിച്ച പി പി മാധവൻ നമ്പൂതിരിയുടെ മൃതദേഹത്തിൽ ലോകസഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി റീത്ത് സമർപ്പിക്കുന്നു. പി പി മാധവന്റെ ഒല്ലൂരിലെ വീട്ടിലെത്തിയാണ് രാഹുൽഗാന്ധി അന്ത്യാഞ്ജലി അർപ്പിച്ചത്. സംസ്കാര ചടങ്ങുകളിൽ പങ്കെടുക്കുവാൻ ഇന്നലെ തന്നെ തൃശൂരിലെത്തിയ ഇദ്ദേഹം തൃശൂരിലെ ഹയാത്ത് ഹോട്ടലിൽ നിന്നുമാണ് ഇന്ന് രാവിലെ റോഡുമാർഗ്ഗം ഒല്ലൂരിലെ വീട്ടിലെത്തിയത്. എ ഐ സി സി ജന. സെക്രട്ടറി കെ സി വേണുഗോപാൽ, കെ പി സി സി പ്രസിഡണ്ട് കെ സുധാകരൻ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, രമേശ് ചെന്നിത്തല, വി എൻ സുധീരൻ തുടങ്ങിയവരും എത്തി. മന്ത്രി കെ രാജനും ആദരാഞ്ജലികളർപ്പിക്കാനെത്തിയിരുന്നു.

പാലക്കാട്ട് അമ്മയെയും മകനെയും വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി

പാലക്കാട്: അമ്മയെയും മകനെയും വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി. പാലക്കാട് വല്ലപ്പുഴയിൽ ഇന്നലെ രാത്രി 9 മണിയോടെയാണ് സംഭവം. ചെറുകോട് ഇലപ്പുള്ളി മുഖില (62), മകൻ കൊച്ചു എന്ന് വിളിക്കുന്ന നിഷാന്ത് (39) എന്നിവരെയാണ് തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്.

മുഖിലയുടെ മൃതദേഹം ഹാളിലും നിഷാന്തിന്റേത് കിടപ്പുമുറിയിലും ആയിരുന്നു. നിഷാന്ത് കഴിഞ്ഞ 10 വർഷമായി പലതരം കച്ചവടങ്ങൾ നടത്തി വരികയായിരുന്നു. എന്നാൽ വിവിധ പ്രതിസന്ധികൾ മൂലം ആ ബിസിനസുകളൊന്നും വിജയിച്ചില്ല. എറണാംകുളത്ത് നടത്തിയിരുന്ന കൂൾബാർ പത്ത് ദിവസം മുമ്പാണ് അടച്ചുപൂട്ടിയത്. സാമ്പത്തിക പ്രതിസന്ധിയാകാം മരണകാരണം എന്നാണ് പട്ടാമ്പി പൊലീസിന്റെ നിഗമനം.

ഇൻക്വസ്റ്റ് നടപടികൾക്ക് ശേഷം മൃതദേഹങ്ങൾ പാലക്കാട് ജില്ലാ ആശുപത്രിയിലേക്ക് മാറ്റി. പോസ്റ്റ്മോർട്ടത്തിന് ശേഷം കുടുംബത്തിന് വിട്ട് നൽകും. നിഷാന്തിന്റെ മൂത്ത സഹോദരൻ ബിസിനസ് കേന്ദ്രീകരിച്ച് അഹമ്മദാബാദിൽ ആണ് താമസം.

വാഹനാപകടം: 3 പേർക്ക് പരിക്ക്

ആമ്പല്ലൂർ: വരാക്കര കപ്പേളക്ക് സമീപം ബൈക്കും സ്കൂട്ടറും കൂട്ടിയിടിച്ച് ദമ്പതികളായ ഡോക്ടർമാർ ഉൾപ്പടെ മൂന്ന് പേർക്ക് പരിക്ക്. ചുങ്കം സ്വദേശികളായ ഡോ. വിനീത് കുമാർ, ഡോ.പ്രീത, ബൈക്ക് യാത്രക്കാരനായ യുവാവ് എന്നിവർക്കാണ് പരിക്കേറ്റത്.

കുടുംബത്തിലെ നാല് പേരുടെ ജീവനെടുത്ത അതേ റോഡിൽ വീണ്ടും അപകടം; യുവാവിന് ദാരുണാന്ത്യം

പത്തനംതിട്ട: മൂവാറ്റുപുഴ സംസ്ഥാന പാതയിൽ വീണ്ടും അപകട മരണം. ബൈക്ക് യാത്രികനായ തിരുവനന്തപുരം വലിയശാല കാവിൽക്കടവ് സ്വദേശി കിരൺ (25) ആണ് മരിച്ചത്. പാഴ്സൽ ജീവനക്കാരനായ കിരൺ എതിർദിശയിൽ നിന്ന് വന്ന വാഹനത്തിന് സൈഡ് കൊടുക്കുമ്പോൾ ബൈക്ക് റോഡിൽ നിന്ന് തെന്നിമാറിയാണ് അപകടമുണ്ടായത്.

സംസ്ഥാനത്ത് അപകടങ്ങൾ തുടർക്കഥയായിക്കൊണ്ടിരിക്കുകയാണ്. കിരൺ അപകടത്തിൽപ്പെട്ട അതേസ്ഥലത്ത് ശനിയാഴ്ച പുലർച്ചെയുണ്ടായ അപകടത്തിൽ ഒരു കുടുംബത്തിലെ നാല് പേർ മരിച്ചിരുന്നു. കുമ്പഴ മല്ലശ്ശേരി പൂത്തേതുണ്ടിയിൽ നിഖിൽ മത്തായി ഭാര്യ അനു ബിജു. ഒപ്പമുണ്ടായിരുന്ന നിഖിലിന്റെ പിതാവ് മത്തായി ഈപ്പൻ അനുവിന്റെ പിതാവ് മല്ലശ്ശേരി വട്ടക്കുളഞ്ഞി പുത്തൻവിള കിഴക്കേതിൽ ബിജു പി.ജോർജ് എന്നിവരായിരുന്നു മരിച്ചത്.

സ്വർണവില വർധിച്ചു

കൊച്ചി: സംസ്ഥാനത്ത് സ്വർണ വില വർധിച്ചു. 80 രൂപ വർധിച്ച് ഒരു പവൻ സ്വർണത്തിന്റെ വില 57,200 രൂപയായി. ഗ്രാമിന് പത്തുരൂപയാണ് വർധിച്ചത്. 7150 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില.

ആദിവാസി യുവാവിനെ കാറിന്റെ ഡോറിനുള്ളിൽ കൈകുടുക്കി വലിച്ചിഴച്ച സംഭവം: 2 പ്രതികൾ കസ്റ്റഡിയിൽ

കൽപറ്റ: മാനന്തവാടിയിൽ ആദിവാസി യുവാവിനെ കാറിന്റെ ഡോറിനുള്ളിൽ കൈകുടുക്കി റോഡിലൂടെ വലിച്ചിഴച്ച സംഭവത്തിൽ രണ്ട് പ്രതികൾ കസ്റ്റഡിയിൽ. കാറിലുണ്ടായിരുന്ന നാലുപ്രതികളിൽ, കണിയാമ്പറ്റ സ്വദേശി മുഹമ്മദ് ഹർഷിദ്, അഭിരാം എന്നിവരെയാണ് കസ്റ്റഡിയിലെടുത്തത് എന്നാണ് വിവരം. സംഭവം നടക്കുമ്പോൾ ഹർഷിദ് ആണ് കാർ ഓടിച്ചിരുന്നത് എന്ന് നേരത്തേ വ്യക്തമായിരുന്നു.

ആക്രമണത്തിൽ പരിക്കേറ്റ ആദിവാസി യുവാവ് മാതനെ സന്ദർശിച്ച ശേഷം മന്ത്രി ഒ.ആർ.കേളുവാണ് പ്രതികൾ കസ്റ്റഡിയിലുണ്ടെന്ന കാര്യം മാധ്യമങ്ങളെ അറിയിച്ചത്. സംഭവമുണ്ടായ മേഖലയിൽ പോലീസിന്റെ പട്രോളിങ്ങും കൂടുതൽ നിയന്ത്രണങ്ങളും ഉണ്ടാകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രതികൾ സഞ്ചരിച്ച KL52 H 8733 നമ്പർ സെലേറിയോ കാർ നേരത്തേ മാനന്തവാടി പോലീസ് കസ്റ്റഡിയിലെടുത്തിരുന്നു. കണിയാമ്പറ്റയിൽ നിന്നാണ് കാർ കണ്ടെടുത്തത്. കാർ ഉപേക്ഷിച്ച് പ്രതികൾ കടന്നുകളയുകയായിരുന്നു.

ഞായറാഴ്ച വൈകീട്ടാണ് കേസിനാസ്പദമായ സംഭവം. കൂടൽക്കടവിൽ ചെക്ക് ഡാം കാണാനെത്തിയ വിനോദസഞ്ചാരികൾ തമ്മിലുള്ള തർക്കത്തിൽ ഇടപെട്ട നാട്ടുകാരനായ മാതനെ സംഘം ആക്രമിക്കുകയായിരുന്നു. അക്രമിസംഘം സഞ്ചരിച്ച കാർ പ്രദേശത്തെ ഒരു കടയുടെ മുന്നിൽ നിർത്തുകയും അസഭ്യം പറയുകയുമായിരുന്നു.

പിന്നിൽ വരികയായിരുന്ന മറ്റൊരു കാറിലുണ്ടായിരുന്നവരെ കല്ലെടുത്ത് അക്രമിക്കാൻ ഇവർ ശ്രമിച്ചു. ഇത് തടയാൻ ശ്രമിച്ചതോടെ മാതനെ സംഘം ആക്രമിക്കുകയായിരുന്നു. ഇദ്ദേഹത്തിന്റെ കൈ കാറിന്റെ ഡോറിനുള്ളിൽ കുടുക്കി അരകിലോമീറ്ററോളം ദൂരം റോഡിലൂടെ വലിച്ചിഴച്ചു. കൈകാലുകൾക്കും നടുവിനും ഗുരുതരമായി പരിക്കേറ്റ മാതൻ മാനന്തവാടി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്.

കാട്ടാന ആക്രമണം; കൊല്ലപ്പെട്ട യുവാവിന്റെ കുടുംബത്തിന് 10ലക്ഷം രൂപ ധനസഹായം, സോളാർ ഫെൻസിംഗിൽ ഉറപ്പ്

കൊച്ചി: എറണാകുളം കോതമംഗലത്തിന് സമീപം കുട്ടമ്പുഴയിൽ യുവാവ് കാട്ടാനയുടെ ആക്രമണത്തിൽ മരിച്ച സംഭവത്തിൽ നാട്ടുകാരുടെ ആവശ്യങ്ങളിൽ ഉറപ്പ് നൽകി ജില്ലാ കളക്ടർ. ഇതോടെ 8മണിക്കൂറിലധികം നീണ്ട പ്രതിഷേധം നാട്ടുകാർ അവസാനിപ്പിച്ചു. ക്ണാച്ചേരി സ്വദേശി എൽദോസ് ആണ് മരിച്ചത്.

തൃശൂരിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥനായി ജോലി ചെയ്യുകയായിരുന്ന എൽദോസ് ഇന്നലെ രാത്രി എട്ടര മണിയോടെ ജോലി കഴിഞ്ഞ് വീട്ടിലേയ്ക്ക് മടങ്ങുന്നതിനിടെയാണ് കാട്ടാനയുടെ ആക്രമണമുണ്ടായത്.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

സായുധസേനാദിന ബോധവൽക്കരണ സെമിനാറുകൾ സമാപിച്ചു

ഗുരുവായൂർ: 24 കേരള ബറ്റാലിയൻ അസോസിയേറ്റ്ഡ് എൻ സി സി ഓഫിസർ മേജർ പി.ജെ. സ്റ്റൈജുവാണ് വിദ്യാലയങ്ങളിൽ സായുധ സേനാദിന ബോധവത്ക്കരണത്തിന്റെ ഭാഗമായി സെമിനാറുകൾ സംഘടിപ്പിച്ചത്.

ഗുരുവായൂർ ശ്രീഗോകുലം പബ്ലിക് സ്കൂളിൽ പ്രിൻസിപ്പാൾ കെ.പി.ശ്രീജിത്ത്, മറ്റം സെന്റ് ഫ്രാൻസിസ് എൽ.പി. സ്കൂളിൽ പ്രധാനാധ്യാപിക സി.ടി. കൊച്ചു ത്രേസ്യാ, കണ്ടാണശ്ശേരി എക്സൽപിയർ എൽ.പി. സ്കൂളിൽ പ്രധാനാധ്യാപിക സി.കെ. ലില്ലി,ആളൂർ സെന്റ് ജോസഫ് സ്കൂളിൽ പ്രധാനാധ്യാപിക ടി.എൽ ലീന,കാണ്ടാണശേരി എം.എസ്. എം യു.പി. സ്കൂളിൽ പ്രധാനാധ്യാപിക വി.എൻ. സിന്ധു എന്നിവർ സെമിനാർ ഉദ്ഘാനം ചെയ്തു. അധ്യാപികമാരായ വി.സി. ബീജ, മോണിക്ക തോമസ് വി, പി.പി ധന്യാ, ലീമ റോസ്, ഷിജി പോൾസൺ എന്നിവർ യഥാക്രമം സ്കൂൾ സെമിനാറുകൾക്ക് നേതൃത്വം നല്കി.

വിമുക്ത ഭടന്മാരുടെയും, കുടുംബാംഗങ്ങളുടെയും സംരക്ഷണം നമ്മുടെ കടമയാണെന്ന് വിദ്യാർത്ഥികളെ ബോധവത്ക്കരിക്കാനാണ് സെമിനാർ സംഘടിപ്പിച്ചത്. സെമിനാറിന് ശേഷം രാജ്യരക്ഷാ പ്രതിജ്ഞയും സായുധ സേനാ ദിനസ്റ്റാമ്പ് വിതരണവും നടന്നു.

സെമിനാർ നടന്ന വിദ്യാലയങ്ങളിലെ ഉപജില്ലാ മത്സരങ്ങളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളും സമ്മാനമായി നൽകിയാണ് സായുധ സേനാദിനം മേജർ വേറിട്ട അനുഭവമാക്കിയത്. മുൻവർഷങ്ങളിൽ നുറോളം സ്കൂളുകളിൽ ലഹരിക്കെതിരെ പുസ്തക ചങ്ങാത്തം, പക്ഷികൾക്കായി പാനസ്നാന പാത്ര വിതരണം, രക്തദാനം തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മറ്റം സെന്റ് ഫ്രാൻസിസ് ഹയർ സെക്കൻഡറി സ്കൂളിലെ സംസ്കൃത അധ്യാപകനും കൂടിയാണ് മേജർ പി.ജെ. സ്റ്റൈജു.

ആബാ ക്രിസ്തുമസ്സ് ഗിഫ്റ്റ് ബോക്സ് വിതരണം

തൃശൂർ: അമലയിൽ പ്രവർത്തിക്കുന്ന ആബാ ചാരിറ്റബിൾ സൊസൈറ്റി സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായ് നൽകിയ ക്രിസ്തുമസ്സ് സമ്മാനപെട്ടികളുടെയും ജൂബിലിയോടനുബന്ധിച്ച് പുറത്തിറക്കിയ സോവനീർ വിതരണത്തിന്റെയും ഉദ്ഘാടനം കേരളപോലീസ് അക്കാദമി അസിസ്റ്റൻറ് ഡയറക്ടർ പി.വാഹിദ് ഐ.പി.എസ്. നിർവ്വഹിച്ചു. ആബാ ചെയർമാൻ ഫാ.ജൂലിയസ് അറയ്ക്കൽ, മോഡറേറ്റർ ഫാ.ഡെൽജോ പുത്തൂർ, പ്രസിഡൻറ് സി.എ.ജോസഫ്, കൺവീനർ സി.ടി.വിൽസൺ, അമല ചീഫ് നഴ്സിംഗ് ഓഫീസ്സർ സിസ്റ്റ് ലിഖിത, പി.ആർ.ഒ. ജോസഫ് വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.

മുകുന്ദപുരം താലൂക്ക് പരാതി പരിഹാര അദാലത്ത് വൻ വിജയം: മന്ത്രി ഡോ. ബിന്ദു

മുകുന്ദപുരം താലൂക്ക് കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്ത് വൻവിജയമായി സമാപിച്ചുവെന്ന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. അദാലത്തിൽ 22 പേർക്ക് പുതിയ റേഷൻ കാർഡ് വിതരണം ചെയ്തു. 15 പേർക്ക് ദേവസ്വം പട്ടയവും നൽകി - മന്ത്രി ഡോ. ബിന്ദു അറിയിച്ചു.

ഇരിങ്ങാലക്കുട രാജീവ് ഗാന്ധി മുനിസിപ്പൽ ടൗൺഹാളിൽ റവന്യൂ-ഭവനനിർമ്മാണ മന്ത്രി അഡ്വ. കെ രാജൻ ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു അദ്ധ്യക്ഷയായിരുന്നു.

അദാലത്തിലേക്ക് ഓൺലൈൻ ആയി 118 പരാതികൾ ലഭിച്ചു. പരാതിക്കാരിൽ 77 പേർ മന്ത്രിമാരെ കണ്ട് പരാതി നേരിട്ടവതരിപ്പിച്ചു - മന്ത്രി ഡോ. ബിന്ദു പറഞ്ഞു.

267 പരാതികൾ പുതുതായി സ്വീകരിച്ചു. അതിൽ 172 പേർ മന്ത്രിമാരെ നേരിൽ കണ്ടു. മുഴുവൻ പരാതികളിലും മന്ത്രിമാർ അടിയന്തിര പരിഹാരം കാണുന്നതിന് വിവിധ വകുപ്പുതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയെന്നും മന്ത്രി ഡോ. ബിന്ദു പറഞ്ഞു.

തൃശ്ശൂർ ജില്ലാ കളക്ടർ അർജുൻ പാണ്ഡ്യൻ ഐഎഎസ് സ്വാഗതം പറഞ്ഞു. കൊടുങ്ങല്ലൂർ എംഎൽഎ വി ആർ സുനിൽകുമാർ, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷർ, തൃശ്ശൂർ എഡിഎം, ഇരിങ്ങാലക്കുട ആർഡിഒ, ഡെപ്യൂട്ടി കളക്ടർമാർ, വിവിധ വകുപ്പുകളുടെ ജില്ലാ മേധാവികൾ, താലൂക്ക് തല ഉദ്യോഗസ്ഥർ തുടങ്ങിയവർ അദാലത്തിൽ പങ്കെടുത്തു.

അദാലത്തിൽ വച്ച് റവന്യൂ വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം ഫെയർ വാല്യൂ അദാലത്ത് ജനുവരി മൂന്നിന് വെള്ളിയാഴ്ച രാവിലെ 11 മണിക്ക് എടതിരിഞ്ഞി എച്ച് ഡി പി സമാജം ഹാളിൽ നടത്താൻ തീരുമാനിച്ചതായും മന്ത്രി ഡോ. ബിന്ദു അറിയിച്ചു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി മന്ത്രി ഡോ. ആർ ബിന്ദു ഫെയർ വാല്യൂ അദാലത്ത് ഉദ്ഘാടനം ചെയ്യും.

സവിതയ്ക്ക് ഇനി എഞ്ചിനീയറിങ് സർവീസ് പരീക്ഷയെഴുതാം

ബി.ടെക്. ബിരുദധാരിയായ യുവതിക്ക് യു.പി.എസ്.സി.യുടെ എഞ്ചിനീയറിങ് സർവീസ് പരീക്ഷക്ക് സമർപ്പിക്കുന്നതിനായി പറപ്പൂക്കര വില്ലേജ് ഓഫീസിൽ നൽകിയ എസ്.സി. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിനുള്ള അപേക്ഷ തിരിച്ചയച്ചു എന്ന പരാതിയിൽ മുകുന്ദപുരം താലൂക്ക്തല കരുതലും കൈത്താങ്ങും അദാലത്തിൽ പരിഹാരമായി. പറപ്പൂക്കര കോട്ടുവാല വീട്ടിൽ വൈശാഖന്റെ ഭാര്യ എം.സി സവിതയാണ് പരാതിക്കാരി.

സവിതയുടെ അച്ഛന്റെ സ്കൂൾ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചില്ല എന്ന കാരണത്താലാണ് അപേക്ഷ തിരിച്ചയച്ചത്. അദാലത്തിലെ തുടരന്വേഷണത്തിലാണ് സവിതയുടെ അച്ഛന് എസ്.എസ്.എൽ.സി. വിദ്യാഭ്യാസം ഇല്ലാത്തതിനാൽ സ്കൂൾ സർട്ടിഫിക്കറ്റ് സമർപ്പിക്കാൻ കഴിയാത്തത് എന്നറിഞ്ഞത്. പരാതിയുടെ ഗൗരവം മനസ്സിലാക്കിയ റവന്യൂ മന്ത്രി കെ. രാജൻ പരാതി ഉടൻ തന്നെ പരിഹരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. അതനുസരിച്ച് ഇന്നലെ (ഡിസംബർ 16) വൈകീട്ട്തന്നെ മുകുന്ദപുരം തഹസിൽദാർ പരാതിക്കാരിക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചു. ഇനി സവിതയുടെ അർഹതപ്പെട്ട അവസരങ്ങൾ നഷ്ടപ്പെടില്ല.

യു.പി.എസ്.സി.യുടെ എഞ്ചിനീയറിങ് സർവീസ് പരീക്ഷയോടൊപ്പം മറ്റ് മത്സര പരീക്ഷകൾക്കും അപേക്ഷിക്കാം. സർട്ടിഫിക്കറ്റ് ലഭ്യമായതോടെ സവിതയുടെ ജീവിതത്തിലെ ഒരു നാഴികക്കല്ലായി മാറുകയാണ് ഇരിങ്ങാലക്കുട ടൗൺ ഹാളിൽ സംഘടിപ്പിച്ച കരുതലും കൈത്താങ്ങും മുകുന്ദപുരം താലൂക്ക് അദാലത്ത്.

സംസ്ഥാനത്തിന്റെ അവകാശങ്ങൾ കേന്ദ്രം നിഷേധിക്കുകയാണ്: മന്ത്രി കെ രാജൻ

ഇരിങ്ങാലക്കുട : പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കാൻ മന്ത്രിമാരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കരുതലും കൈത്താങ്ങും പരാതിപരിഹാര അദാലത്തിന്റെ ഭാഗമായി ഇരിങ്ങാലക്കുട ടൗൺ സംഘടിപ്പിച്ച മുകുന്ദപുരം താലൂക്ക് അദാലത്തിൽ 15 ദേവസ്വം പട്ടയങ്ങളും 22 റേഷൻ കാർഡുകളും വിതരണം ചെയ്തു. മുകുന്ദപുരം കൊടുങ്ങല്ലൂർ താലൂക്കുകളിലെ നെല്ലായി, ഇരിങ്ങാലക്കുട, നെന്മണിക്കര, തൊട്ടിപ്പാൾ, എടത്തിരുത്തി, പടിയൂർ, കടുപ്പശ്ശേരി ഗ്രമപഞ്ചായത്തുകളിലായാണ് പട്ടയങ്ങൾ വിതരണം ചെയ്തത്.

കണയത്ത് മിന്നു, മേപ്പുറത്ത് മാധവി കൊച്ചമണി അമ്മ, കണയത്ത് ഉഷ, പരമേശ്വര സദനത്തിൽ ചിത്രലേഖ, പുല്ലോക്കാരൻ അനീഷ് ജോർജ്, വേലപറമ്പിൽ ഗീത, ചേരാക്കൽ മോഹനൻ, പുല്ലാട്ട് സൂരജ്, സുജിത്, സുധ, സൂജ, ചിറപറമ്പത്ത് ലീല, എരുമത്തുരുത്തി വീട്ടിൽ ശങ്കരനാരായണൻ, പനങ്കൂടൻ വിൻസെന്റ് തോമസ്, പുല്ലോക്കാരൻ ജോൺ ജോർജ്, അരിക്കാട്ട് അമ്മിണി, മാളിയേക്കൽ പറമ്പിൽ കല്ല്യാണി, പുഷ്പോത്ത് വേലായുധന്റെ മക്കളായ ഗീത, രമേഷ്, മാളിയേക്കൽ ആഷ ജോർജ്, പുല്ലോക്കാരൻ ജോർജ് എന്നിവർ പ മന്ത്രിയിൽ നിന്ന് പട്ടയം ഏറ്റുവാങ്ങി. ഓൺലൈനായി നേരത്തെ ലഭിച്ചതടക്കം 385 അപേക്ഷകളാണ് അദാലത്ത് മുമ്പാകെ എത്തിയത്.

നേരത്തെ നടന്ന ചടങ്ങിൽ റവന്യൂ വകുപ്പ് മന്ത്രി അഡ്വ കെ രാജൻ അദാലത്ത് ഉദ്ഘാടനം ചെയ്തു. കേന്ദ്രത്തിന്റെ നിഷേധാത്മക നിലപാടുകളെ തുടർന്നുള്ള സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ആരോഗ്യ-വിദ്യാഭ്യാസ, ഭവന നിർമ്മാണ മേഖലകളിൽ സംസ്ഥാനത്തിന് എറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞതായി റവന്യൂ മന്ത്രി പറഞ്ഞു.എസ് ഡിആർഎഫിന്റെ കണക്കിലെ കളികൾ നടത്തി വയനാട് ദുരന്തബാധിതർക്ക് കേന്ദ്രം സഹായങ്ങൾ നിഷേധിക്കുകയാണ്. കേരളത്തിന് അർഹമായ അവകാശങ്ങൾ നൽകുക തന്നെ ചെയ്യണമെന്നും ദുരന്തങ്ങളെ നമ്മൾ പേടിക്കുന്നില്ലെന്നും മന്ത്രി പറഞ്ഞു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു അധ്യക്ഷത വഹിച്ചു. എംഎൽഎ മാരായ കെ കെ രാമചന്ദ്രൻ, വി ആർ സുനിൽകുമാർ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത ചന്ദ്രൻ, നഗരസഭ ചെയർപേഴ്സൺ മേരിക്കുട്ടി ജോയ്, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടുമാർ തുടങ്ങിയവർ പങ്കെടുത്തു.

ജില്ലാ കളക്ടർ അർജ്ജുൻ പാണ്ഡ്യൻ സ്വാഗതവും ആർ ഡിഒ ഡോ എം സി റെജിൽ നന്ദിയും പറഞ്ഞു.

വൈദ്യുതി ചാർജ് വർദ്ധനവ് ജനവിരുദ്ധം അഡ്വക്കേറ്റ്ഷാജൻ മഞ്ഞളി

അതി രൂക്ഷമായ വിലക്കയറ്റവും തൊഴിലില്ലായ്മയും മൂലം ജീവിതം വഴിമുട്ടി നിൽക്കുന്ന ജനങ്ങളോടുള്ള വെല്ലുവിളിയും ജനവിരുദ്ധവുമാണ് വൈദ്യുതി ചാർജ് വർദ്ധനവ് എന്ന് സാമൂഹ്യ സുരക്ഷാ പെൻഷനേഴ്സ് ജനത എസ് എസ് പി ജെ സംസ്ഥാന രക്ഷാധികാരി അഡ്വക്കേറ്റ്ഷാജൻ മഞ്ഞളിപ്രസ്താവിച്ചു വൈദ്യുതി ചാർജ് വർദ്ധനവ് കൂടുതൽ വിലക്കയറ്റത്തിനും സർവീസുകളുടെ ചെലവ് വർദ്ധിക്കുന്നതിനും കാരണമാകും. ഗാന്ധിജിയുടെ ഗ്രാമസ്വരാജ് ഡോക്ടർ റാം മനോഹർ ലോഹ്യയുടെ ചതു സ്തംഭരാഷ്ട്രം എന്നീ ആശയങ്ങൾ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തുകളിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് പഞ്ചായത്തുകളെ വൈദ്യുതി സ്വയം പര്യാപ്തമാക്കണം വൻകിട ജലവൈദ്യുത പദ്ധതികൾ വൻതോതിൽ പ്രകൃതി ജൈവവൈവിധ്യ നശീകരണത്തിനും അഴിമതിക്കും ഇടവരുത്തും. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലും കോളേജുകൾ സ്കൂളുകൾ എന്നിവിടങ്ങളിലും സോളാർ വൈദ്യുത പദ്ധതികൾ നടപ്പിലാക്കണം വൈദ്യുതി ചാർജ് വർദ്ധനവ് പിൻവലിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശ്ശിക തീർത്തു നൽകണമെന്നും മിനിമം പെൻഷൻ 3000 രൂപ ആക്കണമെന്നും 80 വയസ്സു കഴിഞ്ഞവർക്കും ഭിന്നശേഷിക്കാർക്കും പെൻഷൻ 5000 രൂപയാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു എന്ന് 16 12 2024 ആമ്പല്ലൂർ ഇരിഞ്ഞാലക്കുട അഡ്വക്കറ്റ്ഷാജൻ മഞ്ഞളി

വൈദ്യുതി ചാർജ് വർദ്ധനക്കെതിരെ കെ എസ് ഇ ബി ഓഫീസിലേക്ക്കോൺഗ്രസ് മാർച്ച്

ഇരിങ്ങാലക്കുട: വൈദ്യുതി ചാർജ് വർദ്ധനക്കെതിരെ ഇന്ത്യൻ നാഷ്ണൽ കോൺഗ്രസ്സ് ഇരിങ്ങാലക്കുട ബ്ലോക്ക് കോൺഗ്രസ്സ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട കെ എസ് ഇ ബി ഓഫീസിലേക്ക് പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു.

ബ്ലോക്ക് കോൺഗ്രസ്സ് പ്രസിഡന്റ് സോമൻ ചിറ്റേത്തിന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുട ബിഷപ് ഹൗസ് പരിസരത്തുനിന്നും ആരംഭിച്ച പ്രതിഷേധ പ്രകടനം കെപിസിസി മുൻ ജനറൽ സെക്രട്ടറി എം പി ജാക്സൺ ഉദ്ഘാടനം ചെയ്തു. ഡി സി സി സെക്രട്ടറിമാരായ ആന്റോ പെരുമ്പിള്ളി, സതീഷ് വിമലൻ, മണ്ഡലം കോൺഗ്രസ്സ് പ്രസിഡണ്ടുമാരായ അങ്കുൾ ഹക്ക് സി എസ്, സാജു പാറേക്കാടൻ, പി കെ ഭാസി, ബാബു തോമസ് എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ചു. ബ്ലോക്ക് വൈസ് പ്രസിഡണ്ടുമാരായ ബൈജു കുറ്റിക്കാടൻ സ്വാഗതവും സുജ സഞ്ജീവ്കുമാർ നന്ദിയും പറഞ്ഞു.

ദ്വിദിന അന്തർദേശീയ കോൺഫറൻസ് സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: ഡിസംബർ 16, 17 തീയ്യതികളിലായി സെൻറ് ജോസഫ്സ് കോളേജിലെ രസതന്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ 'ഇന്റർ ഡിസിപ്ലിനറി റിസർച്ച് ഇൻ കെമിക്കൽ സയൻസ് അഡ്വാൻസ്ഡ് മെറ്റീരിയൽസ് ഫോർ എനർജി ആൻഡ് എൻവിയോൺമെൻറ്' എന്ന വിഷയത്തിൽ അന്തർദേശീയ കോൺഫറൻസ് സംഘടിപ്പിച്ചു. കൊച്ചിൻ യൂണിവേഴ്സിറ്റി റിട്ടയേർഡ് പ്രൊഫസർ ഡോ. എസ്സ്. സുഗുണൻ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ ഡോ. സി. ബ്ലെസ്സി അധ്യക്ഷത വഹിച്ച ചടങ്ങിൽ ഈ വർഷം വിരമിക്കുന്ന അധ്യാപികമാരായ ഡോ. ഡീന ആൻറണി സി., ഡോ. ബിൻസി വർഗീസ് വി. എന്നിവരെ ആദരിച്ചു. കൊൽക്കത്ത ഐസർ അസോസിയേറ്റ് പ്രൊഫസർ ഡോ. രതീഷ് കെ. വിജയരാഘവൻ, അയർലണ്ട് ഡബ്ലിൻ യൂണിവേഴ്സിറ്റി അസിസ്റ്റൻറ് പ്രൊഫസർ ഡോ. രജനി കെ. വിജയരാഘവൻ, കൊച്ചിൻ യൂണിവേഴ്സിറ്റി പ്രൊഫസർ ഡോ. ജയശ്രീ ഇ. ജി., കാലിക്കറ്റ് യൂണിവേഴ്സിറ്റി അസിസ്റ്റൻറ് പ്രൊഫസർ ഡോ. ഷിബു ഇ. എസ്., എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു.

വാസുദേവൻ അന്തിക്കാടിനെ തൃശ്ശൂർ പ്രസ് ക്ലബ്ബ് അനുസ്മരിച്ചു

അന്തിക്കാട്: മുതിർന്ന മാധ്യമപ്രവർത്തകനും ദേശാഭിമാനി മുൻ സീനിയർ ന്യൂസ് എഡിറ്ററുമായിരുന്ന വാസുദേവൻ അന്തിക്കാടിനെ തൃശ്ശൂർ പ്രസ് ക്ലബ്ബ് അനുസ്മരിച്ചു.

പ്രസ് ക്ലബ്ബ്ഹാളിൽ ചേർന്ന യോഗത്തിൽ മുൻ കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ, മുൻ ഡിസിസി പ്രസിഡണ്ട് ജോസ് വള്ളൂർ, ബിജെപി ദേശീയ കൗൺസിൽ അംഗം എം. എസ്. സമ്പൂർണ്ണ, സീനിയർ ജേർണലിസ്റ്റ് ഫോറം കേരള സംസ്ഥാന പ്രസിഡണ്ട് അലക്സാണ്ടർ സാം, പ്രസ് അക്കാദമി ഉപാധ്യക്ഷൻ ഇ.എസ് സുഭാഷ് തുടങ്ങിയവർ അനുസ്മരണ പ്രഭാഷണം നടത്തി. പ്രസ് ക്ലബ്ബ് പ്രസിഡണ്ട് എം.ബി.ബാബു അധ്യക്ഷനായി. ദേശാഭിമാനി അസിസ്റ്റന്റ് എഡിറ്റർ കെ എൻ സനിൽ, എൻ.ശ്രീകുമാർ, ജോയ് മണ്ണൂർ, ബെന്നി അന്തിക്കാട്, വി.എം. രാധാകൃഷ്ണൻ, രവി ജോസ് താണിക്കൽ, ഫ്രാങ്കോ ലൂയിസ് തുടങ്ങിയവരും സംസാരിച്ചു.

പ്രസ് ക്ലബ് ട്രഷറർ ടി.എസ്. നീലാംബരൻ സ്വാഗതവും വൈസ് പ്രസിഡണ്ട് ജിജോ ജോൺ നന്ദിയും പറഞ്ഞു.

പ്രസവത്തെ തുടർന്ന് യുവ ഡോക്ടർ മരിച്ചു

അരൂർ(ആലപ്പുഴ): പ്രസവത്തെ തുടർന്ന് യുവ ഡോക്ടറായ ചന്തിരൂർ കണ്ടത്തിപ്പറമ്പിൽ ഡോ. ഫാത്തിമ കബീർ (30) മരിച്ചു. കുഞ്ഞിന് ആരോഗ്യപ്രശ്നങ്ങളൊന്നുമില്ല.

തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ മൂന്നാംവർഷ എം.ഡി. വിദ്യാർഥിനിയായിരുന്ന ഫാത്തിമ, എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലാണ് രണ്ടാമത്തെ പ്രസവത്തിനായി ചികിത്സ തേടിയത്. തിങ്കളാഴ്ചയായിരുന്നു മരണം സംഭവിച്ചത്.

ചന്തിരൂരിലെ ഹൈടെക് ഓട്ടോമൊബൈൽ ഉടമ കബീർ-ഷീജ ദമ്പതിമാരുടെ മകളാണ്. ഭർത്താവ്: ഓച്ചിറ സനൂജ് മൻസിലിൽ ഡോ. സനൂജ്. മൂത്ത മകൾ: മറിയം സെയ്നദ. സഹോദരി; ആമിന കബീർ.

സംസ്ഥാനത്ത് വീണ്ടും എംപോക്സ്; രോഗബാധ സ്ഥിരീകരിച്ചയാൾ ഐസൊലേഷനിൽ

തൃശൂർ : കണ്ണൂരിൽ എംപോക്സ് സ്ഥിരീകരിച്ചു. യു എ ഇ യിൽ നിന്ന് എത്തിയ വയനാട് സ്വദേശിക്കാണ് എംപോക്സ് രോഗബാധ സ്വീകരിച്ചത്.

യുവാവ് ഇപ്പോൾപരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. മറ്റൊരാൾക്കും എംപോക്സ് രോഗബാധ എന്ന് സംശയമുണ്ട്. രോഗബാധ സ്ഥിരീകരിച്ചയാൾ ഐസൊലേഷനിൽ തുടരുകയാണ്.

ദർഘാസ്

തൃശൂർ: ജില്ലാ ശിശു സംരക്ഷണ യൂണിറ്റ് ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുവാൻ ടാക്സി പെർമിറ്റുള്ള ഏഴ് വർഷത്തിൽ കുറവ് പഴക്കമുള്ള വാഹനം (കാർ/ജീപ്പ്) ഒരു വർഷത്തേക്ക് വാടകയ്ക്ക് നൽകുവാൻ താൽപ്പര്യമുള്ളവരിൽ നിന്നും മുദ്രവെച്ച ദർഘാസ് ക്ഷണിച്ചു. അടങ്കൽ തുക 4,20,000 രൂപ. ക്വട്ടേഷൻ ഫാറം ഡിസം. 16 മുതൽ ജനു. 3, ഒരു മണി വരെ ഓഫീസിൽ ലഭിക്കും. 1.30 വരെ സ്വീകരിക്കും. രണ്ടു മണിയ്ക്ക് തുറക്കും. ഫോൺ-04872364445.

നിര്യാതനായി ജോസ്

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട ഹിന്ദി പ്രചാർ മണ്ഡൽ റോഡിൽ ചിറ്റിലപ്പിള്ളി ലോനപ്പൻ മകൻ ജോസ് (ഹോട്ടൽ കൊളംമ്പോ, പ്രിയ ബേക്കറി സ്ഥാപനങ്ങളുടെ ഉടമ) നിര്യാതനായി. 80 വയസ്സായിരുന്നു. മേരിയാണ് ഭാര്യ. ഷാജു, ഷെല്ലി, ഷണ്ണി എന്നിവർ മക്കളും ലിജി, ലിഷ, ഡെസ്സിൻ എന്നിവർ മരുമക്കളുമാണ്. സംസ്കാരം നാളെ (ഡിസംബർ 18) ന് 3മണിക്ക് സെന്റ് തോമസ് കത്തീഡ്രലിൽ നടത്തും.

VEHICLES FOR SALE

SHRIRAM FINANCE LTD.

2nd Floor, Ambika Arcade,
THRISSUR ROAD,
KUNNAMKULAM-680503 KERALA
TEL: 04885-211347

Vehicle No	Vehicle Description	Year of manufacturing
1. KL 56 F 9687	TATA LPK 909	2012 MODEL
2. KL 10BG 4920	MAHINDRA BOLERO MAXI TRUCK PLUS	2022 MODEL
3. KL 46 N 1568	TATA SUPER ACE MINT	2015 MODEL

ഭരണഘടന ഉദ്ദേശലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ പ്രാതിനിധ്യ ജനാധിപത്യം നടപ്പിലാവണം: എഴുത്തച്ഛൻ സമാജം

അവണൂർ: ഭരണഘടന ഉദ്ദേശലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ പ്രാതിനിധ്യ ജനാധിപത്യം നടപ്പിലാവണം അതിനായി കാനേഷുകുമാരി കണക്കടുപ്പ് നടത്തി എല്ലാ വിഭാഗം ജനങ്ങൾക്കും അധികാരവും വിഭവശേഷിയും തുല്യമായി വിതരണം ചെയ്യപ്പെടണം.ഭരണഘടനയുടെ എഴുപത്തിയഞ്ച് വർഷം പൂർത്തീകരിക്കുന്ന വേളയിലും പൗരാവകാശങ്ങൾ പോലും ലംഘിക്കപ്പെടുന്നു വെന്നത് അതീവ ദുഃഖകരമാണെന്ന് അഖിലകരള എഴുത്തച്ഛൻ സമാജം സംസ്ഥാന ജനറൽ സെക്രട്ടറി വി.എ.രവീന്ദ്രൻ പ്രസ്താവിച്ചു. അഖിലകേരള എഴുത്തച്ഛൻ സമാജം അവണൂർ ശാഖ സമാദരണ സദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ഭരണഘടനക്കായി പോരാട്ടം നടത്തേണ്ട അവസ്ഥയിലാണ് രാജ്യത്തെ എൺപത് ശതമാനം ജനങ്ങളുമെന്ന് അദ്ദേഹം കൂട്ടിചേർത്തു.ശാഖാ പ്രസിടണ്ട് വി.ബി.മുകന്ദൻ അധ്യക്ഷനായിരുന്നു.ജില്ലാ പ്രസിഡന്റ് കെ. കെ. ജയറാം ആമുഖ പ്രഭാഷണവും ജില്ലാ സെക്രട്ടറി ജയകൃഷ്ണൻ ടി. മേപ്പിള്ളി മുഖ്യ പ്രഭാഷണം നടത്തി.ധന്യ രാമചന്ദ്രൻ, വി. ബി. കൃഷ്ണകുമാർ, എം. എൻ. മോഹൻകുമാർ, സി. കെ. വിജയൻ, ജലജ വേണു ഗോപാൽ,ഉഷ വിജയൻ തുടങ്ങിയവർ സംസാരിച്ചു.

അയ്യങ്കാവ് താലപ്പൊലി : സംഘാടകസമിതി യോഗം 21ന്

ഇരിങ്ങാലക്കുട : കൂടൽമാണിക്യം ദേവസ്വം കീഴേടം അയ്യങ്കാവ് ഭഗവതി ക്ഷേത്രത്തിൽ 2025 മാർച്ച് 15ന് നടത്തുന്ന താലപ്പൊലി ആഘോഷത്തോടനുബന്ധിച്ച് സംഘാടകസമിതി രൂപീകരണ യോഗം ഡിസംബർ 21 ശനിയാഴ്ച ഉച്ചതിരിഞ്ഞ് 3 മണിക്ക് അയ്യങ്കാവ് ക്ഷേത്രം ഹാളിൽ ചേരുമെന്ന് അഡ്മിനിസ്ട്രേറ്റർ അറിയിച്ചു.

ഉത്തരവാദിത്വം; മനുഷ്യപറ്റിന്റെ രാഷ്ട്രീയം

എസ് വൈ എസ് യുവജന സമ്മേളനത്തിനൊരുങ്ങി ആമ്പല്ലൂർ

കേരളത്തിനകത്തും പുറത്തുനിന്നുമായി പതിനായിരം സ്ഥിരം പ്രതിനിധികളും രണ്ട് ലക്ഷം സന്ദർശകരും പങ്കെടുക്കും

തൃശൂർ: സുന്നി യുവജന സംഘം (എസ് വൈ എസ്) പ്ലാറ്റിനം ഇയറിന്റെ സമാപന ഭാഗമായി ഈ മാസം 27, 28, 29 തീയ്യതികളിൽ നടക്കുന്ന കേരള യുവജന സമ്മേളനത്തിന് തൃശൂർ ജില്ലയിലെ ആമ്പല്ലൂരിൽ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. പന്തലിന്റെ നിർമാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. കേരളത്തിന്റ